# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>റവന്യൂ കാര്യാലയങ്ങളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ഏകീകൃത സംവിധാനം</u>

7188 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ഓഫീസുകളിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഇപ്പോൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ കാലാവധി എത്രയാണ്;

(ബി) വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉൾപ്പെടെ നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ഏകീകൃത സംവിധാനം ഏർപ്പെടുത്തുവാൻ നടപടിസ്വീകരിക്കുമോ;

(സി) സർട്ടിഫിക്കറ്റുകളുടെ കാലാവധി നീട്ടുന്നതിനും ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസ് ജീവനക്കാർക്ക് പരിശീലനം</u>

7189 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസിൽ എത്തുന്നവരോടുള്ള ജീവനക്കാരുടെ പെരുമാറ്റം സൗഹൃദപരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഏതെല്ലാം വിഷയങ്ങളിലാണ് ഇവർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ആധാരങ്ങൾ വേഗത്തിൽ പോക്കുവരവ് ചെയ്യാൻ സംവിധാനം</u>

7190 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരേഖ സഹിതം രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ വേഗത്തിൽ പോക്കുവരവ് ചെയ്യാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത സൗകര്യം വില്ലേജ് ഓഫീസർ മുഖേന നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

കേരള ഭൂബാങ്ക് പ്രോജക്ട്

7191 ശ്രീ. പി. കെ. ബഷീർ
,, എൻ. എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭൂബാങ്ക് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഭൂമികയ്യേറ്റം ഒഴിവാക്കുന്നതിനായി സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം, അതിര്, അടയാളം സഹിതമുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വില്ലേജ്തല വിവരം ലഭ്യമാണോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

**റവന്യൂ വകുപ്പ് വക സ്ഥലങ്ങൾ വാണിജ്യ മേഖലകളാക്കുന്നതിനായി ഇൻകെല്ലിന്റെ പദ്ധതി**

7192 ശ്രീ. എ.കെ. ബാലൻ
,, പി.റ്റി.എ റഹീം
,, ജെയിംസ് മാത്യൂ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ നഗരങ്ങളിലും പട്ടണങ്ങളിലും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ വാണിജ്യ മേഖലകളാക്കുന്നതിനായി ഇൻകെൽ ആവശ്യപ്പെട്ടിട്ടുണ്ടോ; അവ എവിടെയൊക്കെയാണ്;

(ബി) ഇതിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പാട്ടവ്യവസ്ഥ (ഭൂപതിവ്) അനുസരിച്ച് ഇത്തരം ഒരു കൈമാറ്റം സാധ്യമാണോ;

(ഡി) പ്രസ്തുത ആവശ്യത്തിനനുസൃതമായി ചട്ടങ്ങളിൽ മാറ്റം വരുത്താനുദ്ദേശമുണ്ടോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഭൂമിയുടെ ഉടമസ്ഥാവകാശ ഡാറ്റാ ബാങ്ക്

7193 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി സംബന്ധിച്ച ഉടമസ്ഥാവകാശ രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ;

(ബി) ഭൂവുടമസ്ഥരുടെ ഫോട്ടോയടക്കമുള്ള വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഓരോ പൗരനും സംസ്ഥാനത്ത് ഏതൊക്കെ വില്ലേജുകളിൽ എത്ര സെന്റ് ഭൂമി ഉണ്ടെന്ന വിവരം വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിനും ഉടമസ്ഥർക്ക് ഭൂമിയുടെ കരം ഏത് വില്ലേജ് ഓഫീസിലും ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പട്ടയഭൂമി കൈമാറാൻ വ്യവസ്ഥകൾ</u>

7194

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, പാലോട് രവി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമി കൈമാറാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ;

(ബി) ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

**'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി**

7195

ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അപേക്ഷകർ അർഹരാണോയെന്ന് കണ്ടെത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) അർഹരായ അപേക്ഷകർക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവർ</u>

7196 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപരിഷ്ക്കരണ നിയമപ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമിയിൽ കൂടുതൽ കൈവശം വച്ചിരിക്കുന്ന ആളുകളെ കണ്ടെത്തുന്നതിനുള്ള സംവിധാനം എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ;

(ബി) പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചവരെ കണ്ടെത്തി യിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വ്യാപകമായി ഭൂമി വാങ്ങി കൂട്ടുന്നവരെ തിരിച്ചറിയുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനം വ്യക്ത മാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിക്കാൻ നടപടി</u>

7197 ശ്രീ. കെ. അച്ചുതൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ആധുനികവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>നെൽപ്പാടങ്ങൾ നികത്തുന്നത് തടയാൻ സംവിധാനം</u>

7198 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, പാലോട് രവി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽപ്പാടങ്ങൾ നികത്തുന്നത് തടയാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഭരണപരമായി എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്;

(സി) നെൽപ്പാടം നികത്തുന്നത് തടയാൻ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമം</u>

7199 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമം ലംഘിച്ച് വയല്‍ നികത്തിയതിന് എത്ര പേരുടെ പേരില്‍ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിയമം ലംഘിച്ച് വയല്‍ നികത്തിയ ഭൂമി പൂര്‍വ്വ സ്ഥിതിയിലാക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ എത്ര പേരുടെ ഭൂമിയാണ് ഇത്തരത്തില്‍ പൂര്‍വ്വസ്ഥിതിയിലാക്കാന്‍ നടപടി സ്വീകരിച്ചിട്ടുള്ളത്;

(സി) പാലക്കാട് ജില്ലയില്‍ നികത്തിയ എത്ര ഏക്കര്‍ ഭൂമിയാണ് പൂര്‍വ്വസ്ഥിതിയിലാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) ബാക്കിയുള്ള ഭൂമി കൂടി പൂര്‍വ്വസ്ഥിതിയിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

7200 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് എവിടെയെങ്കിലും നദികളും പുഴകളും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം നടത്തിയിട്ടുണ്ടോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഭാരതപ്പുഴ സംരക്ഷണത്തിനായി ഇതിനകം എത്ര തുക റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര തുക ചെലവഴിക്കുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ബാക്കിയുള്ള പണം ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയ്ക്ക് റിവർ മാനേജ്മെന്റ് ഫണ്ട്</u>

7201 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ തൃശ്ശൂർ ജില്ലയ്ക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ദുരന്തനിവാരണ നയം</u>

7202 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ദുരന്തനിവാരണ നയം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ദുരന്തനിവാരണ നയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ദുരന്തനിവാരണത്തിനായി ജില്ലാതല അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ആരെല്ലാമാണ് അതിലെ അംഗങ്ങളെന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനത്തിനായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ജില്ലാതല ദുരന്ത നിവാരണ സെല്ലുകളുടെപ്രവർത്തനം

7203 ശ്രീ. എം.എ. ബേബി
'' കെ.കെ. ജയചന്ദ്രൻ
'' കെ.വി.അബ്ദുൾ ഖാദർ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷം ആരംഭിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനക്ഷമത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാതല ദുരന്ത നിവാരണ സെല്ലുകളുടെ സ്ഥിതിയെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; സെല്ലിന്റെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭിക്കാത്തതുമൂലം തിരുവനന്തപുരം സെല്ലിന്റെ പ്രവർത്തനം അവതാളത്തിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാതല ദുരന്ത നിവാരണ സെല്ലുകളുടെ പ്രവർത്തനം കാര്യ ക്ഷമമാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) മുൻവർഷം കാലവർഷക്കെടുതി മൂലം ഉണ്ടായ നാശ നഷ്ടങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക എത്ര; പ്രസ്തുത തുക എപ്രകാരം വിനിയോഗിക്കുകയുണ്ടായി; നാശനഷ്ടം സംഭവിക്കുന്നവർ ക്കെല്ലാം സഹായം ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 16.07.2012-ലെ മറുപടിക്ക്

<u>പ്രകൃതി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>

7204 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ ജോലികൾ പൂർത്തിയാക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് കാലാവധി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കാലാവധി എത്ര വർഷത്തേക്കാണ് ഉയർത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കാലവര്‍ഷക്കെടുതി അനുഭവിക്കുന്നവര്‍ക്കുള്ള സഹായങ്ങള്‍</u>

7205 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലവര്‍ഷക്കെടുതി മൂലം ബുദ്ധിമുട്ടുകള്‍ അനുഭവിക്കുന്നവര്‍ക്ക് എന്തെല്ലാം സഹായമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കടലാക്രമണത്തില്‍ വീടുകള്‍ തകര്‍ന്നവര്‍ക്ക് എന്തെല്ലാം സഹായമാണ് നല്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇത്തരം സന്ദര്‍ഭങ്ങളില്‍ നല്കുന്ന അടിയന്തിര സഹായങ്ങള്‍ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ദുരിതാശ്വാസനിധിയിലേക്കുള്ള ധനസമാഹരണം

7206 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് താലൂക്ക് ഓഫീസർമാർ മുഖേന ധനസമാഹരണം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം താലൂക്കുകളിൽ നിന്ന് എന്ത് തുക വീതം സമാഹരണം നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇങ്ങിനെ ധനസമാഹരണം നടത്തുന്നതിൽ മികച്ച സേവനം നടത്തുന്നവർക്കും മാതൃകാപരമായി ഇടപെടുന്നവർക്കും എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രോത്സാഹനമായി എന്തെങ്കിലും നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ?

# കേരള നിയമസഭ

## 16.07.2012-ലെ മറുപടിക്ക്

വെളളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതിനുളള മാനദണ്ഡം

7207 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളളപ്പൊക്കദുരിതാശ്വാസ പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതിൽ നിലവിലുളള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമസഭ, പാർലമെന്റ് അംഗങ്ങൾ അല്ലാതെയും നിലവിലെ മാനദണ്ഡപ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ പാസാക്കിയ പ്രമേയമില്ലാതെയും പഞ്ചായത്ത് പ്രസിഡന്റോ, മെമ്പർമാരോ മറ്റു വ്യക്തികളോ നൽകുന്ന അപേക്ഷയിൽ തുക അനുവദിക്കുവാൻ സാധിക്കുമോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ജില്ല മാറിയുള്ള ദുരിതാശ്വാസ സഹായം</u>

7208 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനായി അപേക്ഷിച്ച് ഉത്തരവ് ലഭിച്ചപ്പോൾ കണ്ണൂർ ജില്ലയിലേക്ക് നൽകേണ്ട ഉത്തരവ് കാസർഗോഡ് കലക്ടർക്ക് നൽകിയതുമൂലം നാളിതുവരെ എത്ര പേർക്കാണ് സഹായം ലഭ്യമാക്കാൻ കഴിയാതെ വന്നതെന്നും ഇവർക്ക് സഹായം ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും, എങ്കിൽ പ്രസ്തുത സാമ്പത്തിക സഹായം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭങ്ങളുടെ അനുബന്ധ സംഭവങ്ങളിലൂടെ നാശനഷ്ടങ്ങൾക്ക് പരിഹാരം</u>

7209 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഷോർട്ട് സർക്യൂട്ട് പോലുള്ള അപകടങ്ങളിലൂടെ വീട് തീപിടിച്ച് സർവ്വവും നഷ്ടപ്പെടുന്ന സന്ദർഭങ്ങളിൽ നഷ്ട പരിഹാരത്തിനും സാമ്പത്തിക സഹായത്തിനും റവന്യൂ ഉദ്യോഗസ്ഥർക്ക് അപേക്ഷ നൽകിയാൽ പ്രകൃതി ദുരന്ത മല്ലാത്തതിനാൽ സാമ്പത്തിക സഹായം നൽകാനാകില്ല എന്ന കാരണം പറഞ്ഞ് അപേക്ഷ നിരസിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇപ്രകാരമുണ്ടാകുന്ന നഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കില്ല എന്ന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കാറ്റ്, മഴ, ഇടിമിന്നൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ മൂലമല്ലാതെ പ്രകൃതിക്ഷോഭങ്ങളുടെ അനുബന്ധ സംഭവങ്ങളിലൂടെ ആളപായവും വീടുകൾക്കും പണിശാലകൾക്കും നാശനഷ്ടവും ഉണ്ടാകുമെന്ന കാര്യം ബോധ്യപ്പെട്ട ഇത്തരം സംഭവങ്ങളിൽ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ</u>

7210 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികൾക്ക് തുക നൽകുന്നതിന് കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലതാമസത്തിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതു മാസം വരെ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് പ്രതിഫലം നൽകിയിട്ടുണ്ട്;

(സി) പണം നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>അറയ്ക്കൽ വില്ലേജിലെ പാറ ഖനനം</u>

7211 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ അറയ്ക്കൽ വില്ലേജിൽ ഉൾപ്പെട്ട മലമേൽ പ്രദേശത്ത് നടത്തിയ പാറ ഖനനത്തിൽ എന്ത് തുക നഷ്ടം സംഭവിച്ചു എന്നാണ് റവന്യൂ വകുപ്പ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) 'ലീസ്' വ്യവസ്ഥ പ്രകാരമുള്ള സ്ഥലത്തിന് പുറത്തു നിന്നും പാറ ഖനനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് സർവ്വേ വകുപ്പും റവന്യൂ വകുപ്പും നടത്തിയ അന്വേഷണത്തിൽ ലീസിന് നൽകിയ സ്ഥലത്തിന് പുറത്തു നിന്നും ഖനനം നടന്ന പ്രദേശങ്ങളുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ; ഇവ തമ്മിൽ വൈരുദ്ധ്യമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ റവന്യൂ അധികൃതർ ക്വാറി ഉടമകളെ സഹായിക്കുന്നതായി കരുതുന്നുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

മുന്നിലവ് പഞ്ചായത്തിൽ അനധികൃത പാറഖനനം

7212 ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മുന്നിലവ് പഞ്ചായത്തിൽ അനധികൃത പാറഖനനം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ആദിവാസി ഭൂമി നിയമവിരുദ്ധമായി കൈക്കലാക്കിയാണ് ഖനനം നടത്തുന്നതെന്ന വിവരം അന്വേഷിക്കാമോ ;

(ഡി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പടക്ക നിർമ്മാണ ശാലകളുടെ ലൈസൻസ്</u>

7213

ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടക്ക നിർമ്മാണ കേന്ദ്രങ്ങളിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായും ലൈസൻസില്ലാതെയും പടക്ക നിർമ്മാണശാലകൾ പ്രവർത്തിക്കുന്നതാണ് അപകടങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഇത്തരം പടക്ക നിർമ്മാണ ശാലകൾ അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര സ്ഥാപനങ്ങൾക്കുമേൽ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽ എത്ര അപകടങ്ങൾ ഉണ്ടായി; എത്ര പേർ മരിച്ചു; പരിക്കേറ്റവർ എത്ര; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ആറന്മുള വിമാനത്താവളത്തിനായി മണ്ണിട്ടു നികത്തിയ സ്ഥലം

7214 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിനായി എത്ര ഏക്കർ സ്ഥലമാണ് ഇതുവരെ മണ്ണിട്ടു നികത്തിയത്;

(ബി) പാടശേഖരങ്ങൾ മണ്ണിട്ടു നികത്താൻ നിലവിലുള്ള നിയമപ്രകാരം എന്തൊക്കെ അനുമതിയാണ് ലഭിക്കേണ്ടത്;

(സി) ആറന്മുളയിൽ വിമാനത്താവളത്തിനായുള്ള സ്ഥലം മണ്ണിട്ടു നികത്താൻ എന്തൊക്കെ അനുമതികളാണ് നൽകിയിരിക്കുന്നത്;

(ഡി) ഇതു സംബന്ധിച്ച് എത്ര പരാതികളാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത ഭൂമി മണ്ണിട്ടു നികത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലോ, സ്വമേധയായോ എന്തെങ്കിലും നടപടികൾ മണ്ണിട്ടു നികത്തിയതിൽ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) വയൽ നികത്തിയവർക്കെതിരെ ഇതുവരെ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ട്;

(ജി) വയൽ നികത്തിയവരോട് വിശദീകരണം ചോദിക്കുകയോ, നിയമപ്രകാരം പുതുതായി ഇട്ടിട്ടുള്ള മണ്ണ് നീക്കം ചെയ്ത് പൂർവ്വസ്ഥിതിയിലാക്കുവാനോ ഉള്ള നടപടി സ്വീകരിക്കുമോ;

(എച്ച്) നടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് നിലവിലുള്ള നിയമങ്ങളെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

(ഐ) നികത്തിയ ഭൂമിയിൽ പുറമ്പോക്ക് എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ജെ) ആറന്മുള നിലം നികത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഗുരുതരമായ ക്രമക്കേടാണെന്നും നിയമസഭയിൽ രേഖാമൂലം മറുപടി നൽകിയിട്ടും ഇതുവരെ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പാണ്ടുപാറ പ്രദേശം ഹില്ലി ട്രാക്കിൽ ഉൾപ്പെടുത്തുവാൻ നടപടി</u>

7215 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ഞപ്ര വില്ലേജിന്റെ ഭാഗമായിരുന്ന കേരള ഭൂമിപതിവ് ചട്ടപ്രകാരം ഹില്ലി ട്രാക്കിൽ ഉൾപ്പെട്ടിരുന്ന പാണ്ടുപാറ പ്രദേശം അയ്യംമ്പുഴ വില്ലേജിൽ ഉൾപ്പെട്ടപ്പോൾ ഹില്ലി ട്രാക്ക് അല്ലായെന്ന് പറയുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പാണ്ടുപാറയിൽ 1977 ന് മുൻപ് കൃഷിചെയ്തു ജീവിക്കുന്ന കർഷകർക്ക് പ്രസ്തുത പ്രദേശം ഹിൽട്രാക്ക് ഏരിയയിൽ ഉൾപ്പെടുത്തി കൈവശക്കാർക്ക് അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിൽ നിന്ന് പ്രത്യേക ഉത്തരവ് ലഭിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ഭൂരഹിതരുടെ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിലുള്ള കാലതാമസം</u>

7216

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി പതിവിനായി ലഭിക്കുന്ന അപേക്ഷകളിൽ വർഷങ്ങളായി തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) അപേക്ഷകരുടെ മുൻഗണനാക്രമം തെറ്റിച്ച് ചിലർക്ക് കാലതാമസമില്ലാതെ ഭൂമി നൽകുകയും മറ്റുളളവർക്ക് കാലമേറെയായിട്ടും ഭൂമി ലഭിക്കാതിരിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭൂമി പതിച്ചു കിട്ടുവാൻ അപേക്ഷ നൽകുന്ന ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽകുന്നതിന് സമയപരിധി നിശ്ചയിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>മാവേലിക്കരയിലെ ആദിക്കാട്ട്കുളങ്ങരയിൽ കനാൽ പുറമ്പോക്ക് കയ്യേറിയ സംഭവം</u>

7217 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ മാസം ചേർന്ന മാവേലിക്കരയിലെ താലൂക്ക് സഭയിൽ എടുത്ത പാലമേൽ പഞ്ചായത്തിലെ ആദിക്കാട്ട്കുളങ്ങരയിൽ കനാൽ പുറമ്പോക്കിൽ അനധികൃതമായി കൃഷി ചെയ്ത ഭൂമി കയ്യേറിയത് അവസാനിപ്പിക്കണം എന്ന തീരുമാനം നടപ്പിലാക്കിയോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കിയതിനുശേഷവും വീണ്ടും കടന്നുകയറ്റം ഉള്ളതായി അന്വേഷിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് നൂറനാട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടോ;

(സി) കടന്നുകയറ്റം അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

വൈക്കത്തെ അനധികൃത മണൽസൈറ്റുകൾ

7218 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ എത്ര അംഗീകൃത മണൽസൈറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും ഇതിൽ പുഴ മണൽ, കരമണൽ സൈറ്റുകൾ എണ്ണം തിരിച്ച് ഓരോ പഞ്ചായത്തിലും എത്ര വീതമാണെന്നും വ്യക്തമാക്കുമോ ;

(ബി) അംഗീകാരമില്ലാത്ത മണൽസൈറ്റുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടി കളാണ് കൈക്കൊണ്ടിട്ടുളളത് എന്ന് വ്യക്തമാക്കുമോ ;

(സി) മണൽസൈറ്റുകൾക്ക് അംഗീകാരം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്താനുള്ള ക്രമീകരണങ്ങൾ</u>

7219

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാന്റ് അക്വിസിഷന്റെ നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളതെന്നു് വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സംഘടനകൾക്കും, ട്രസ്റ്റുകൾക്കും പതിച്ചു നൽകിയ സർക്കാർ ഭൂമി</u>

7220 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2012 ജൂൺ വരെയുള്ള കാലയളവിൽ സർക്കാർ ഭൂമി ഏതെങ്കിലും സംഘടനകൾ, ട്രസ്റ്റുകൾ, ആരാധനാലയങ്ങൾ എന്നിവയ്ക്ക് പതിച്ച് നൽകുകയോ പാട്ടത്തിന് നൽകുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഏതെല്ലാം സംഘടനകൾക്ക് എത്ര സെന്റ് വീതം നൽകി എന്ന വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>നാട്ടിക നിയോജക മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകൾ</u>

7221 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനുളളിൽ നാട്ടിക നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളിൽ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ പട്ടയം ലഭിക്കാൻ യോഗ്യരായി കണ്ടെത്തിയവരുടെ പേരും വിലാസവും വെളിപ്പെടുത്താമോ ;

(സി) ഇവർക്ക് പട്ടയം ലഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഭൂമി പതിച്ചു കിട്ടുന്നതിന് നൽകിയിട്ടുള്ള അപേക്ഷകൾ</u>

7222 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കുടുംബത്തിന് പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) കാലാകാലങ്ങളായി കൈവശത്തിലിരിക്കുന്ന ഭൂമി പതിച്ചു കിട്ടുന്നതിന് നൽകിയിട്ടുള്ള അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>മലയാറ്റൂർ വില്ലേജിലെ ഇല്ലിത്തോട്ടിൽ കൂട്ടുകൃഷി ഫാം</u>

7223

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ വില്ലേജിലെ ഇല്ലിത്തോട്ടിൽ കൂട്ടുകൃഷി ഫാമിനായി എത്ര ഏക്കർ ഭൂമിയായിരുന്നു അനുവദിച്ചിരുന്നത്; ഇത് എത്ര പേർക്കായിട്ടാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം അനുവദിച്ച ഭൂമിയിൽ നിന്ന് എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്; ബാക്കിയുളളവർക്ക് പട്ടയം നൽകുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കൂട്ടുകൃഷി ഫാമിനായി അനുവദിച്ചതിൽ എത്ര ഏക്കർ ഭൂമി പട്ടയം അനുവദിക്കാതെ ബാക്കിയുണ്ട്; ഇവിടെ കൈയ്യേറി അനധികൃതമായി കൃഷി ചെയ്യുന്നവർക്ക് പട്ടയം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) ഈ പ്രദേശത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ലഭ്യമാക്കാൻ സാധിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>തളിപ്പറമ്പ് എരമം വില്ലേജിലെ കൈവശക്കാരിൽനിന്നും നികുതി സ്വീകരിക്കണമെന്നാവശ്യം</u>

7224 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിലെ എരമം വില്ലേജിലെ കൈവശക്കാരിൽനിന്നും നികുതി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) കൈവശക്കാരിൽനിന്നും നികുതി സ്വീകരിക്കുന്നതിനുള്ളനടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>തളിപ്പറമ്പ് താലൂക്കിലെ വില്ലേജുകളിൽ കൈവശക്കാർക്ക് പട്ടയം</u>

7225 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിലെ പെരിങ്ങോം, കുറ്റൂർ, ആലപ്പടമ്പ്, കാങ്കോൽ വില്ലേജുകളിൽ കൈവശക്കാർക്ക് പട്ടയം ലഭിക്കാത്തതും നികുതി സ്വീകരിക്കാത്തതും സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) കൈവശക്കാരിൽ നിന്നും നികുതി സ്വീകരിക്കുന്നതിനും കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി</u>

7226 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിലെ വെള്ളോറ, പുളിങ്ങോം, രാമന്തളി, വെള്ളൂർ വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയം ലഭിക്കാത്തത് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പാണ്ടനാട് എസ്.വി. സ്കൂളിന് ഭൂമി പതിച്ചുനൽകുന്നതിന് നടപടി</u>

7227 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 26-3-2012-ലെ റവന്യൂ & വിജിലൻസ് വകുപ്പുമന്ത്രിയുടെ വി.ഐ.പി. 655/12-ാം നമ്പർ ഫയൽപ്രകാരം പാണ്ടനാട് എസ്.വി. സ്കൂളിന് ഭൂമി പതിച്ച് നൽകുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനം സത്വര നടപടി സ്വീകരിക്കുന്നതിലേക്ക് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച് കൊടുത്തിട്ടുള്ളതിന്മേൽ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഈ ഫയലിൽ എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ; വിശദമാക്കുമോ ;

(ഡി) നിയമതടസ്സങ്ങൾ ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഈ ഭൂമി പതിച്ച് നൽകുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>1-6-2006 മുതൽ 30-6-2012 വരെ ഒഴിപ്പിച്ച അനധികൃത ഭൂമികുടിയേറ്റങ്ങൾ</u>

7228 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1/6/2006 മുതൽ 30/6/2012 വരെ എത്ര അനധികൃത ഭൂമികുടിയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്; ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഒഴിപ്പിച്ചെടുത്ത ഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത ഭൂമി ആർക്കെങ്കിലും വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമി; ആർക്കെല്ലാം നൽകുകയുണ്ടായി?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സിനിമാ തീയറ്ററുകളിലെ ഭക്ഷണ ശാലകളിലെ അമിത വില</u>

7229 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ തീയറ്ററുകളിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളിൽ പായ്ക്കറ്റിലാക്കിയ ഭക്ഷണ പദാർത്ഥങ്ങൾക്കും പാനീയങ്ങൾക്കും അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം അമിത വില ഈടാക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ;

(സി) തീയറ്ററുകളിൽ പായ്ക്കറ്റിലാക്കിയ ഭക്ഷണ പദാർത്ഥങ്ങളുടെയും പാനീയങ്ങളുടെയും എം.ആർ.പി. നിരക്കിലുള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>അഞ്ചല്‍ മിനി സിവില്‍ സ്റ്റേഷന്‍ നിര്‍മ്മാണം</u>

7230 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഞ്ചല്‍ മിനി സിവില്‍ സ്റ്റേഷന്റെ നിര്‍മ്മാണ പ്രവര്‍ത്തനം പൂര്‍ത്തിയായോ എന്നറിയിക്കുമോ ;

(ബി) എങ്കില്‍ എന്നത്തേയ്ക്ക് ഉത്ഘാടനം നടത്തുവാന്‍ കഴിയും എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സിവില്‍ സ്റ്റേഷനോടനുബന്ധിച്ച് ക്യാന്റീന്‍, ഫോട്ടോസ്റ്റാറ്റ്/എസ്.ടി.ഡി ബൂത്ത് എന്നിവ ആരംഭിക്കാന്‍ ആവശ്യമായ നിര്‍ദ്ദേശം നല്‍കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>അഴീക്കൽകടവ് പാലം നിർമ്മാണം സംബന്ധിച്ച റിപ്പോർട്ട്</u>

7231 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പാലയാട്, പയ്യോളി വില്ലേജ് ഓഫീസുകളുടെ പരിധിയിലുള്ള അഴീക്കൽകടവ് പാലം നിർമ്മാണം സംബന്ധിച്ച ലാന്റ് അക്വിസിഷൻ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വില്ലേജ് ഓഫീസർമാർ യഥാവിധി സമർപ്പിക്കേണ്ട റിപ്പോർട്ട് എപ്പോൾ സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) വില്ലേജ് ഓഫീസർമാർ സമർപ്പിക്കേണ്ട റിപ്പോർട്ട് ഏത് തീയതിയിലാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഇടമുളയ്ക്കൽ പഞ്ചായത്തിലെ മിച്ചഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

7232 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ പഞ്ചായത്തിൽ മിച്ച ഭൂമിയായി പ്രഖ്യാപിച്ച സ്ഥലം ജന്മികൾ ഇപ്പോഴും കൈവശം വച്ചിട്ടുളളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് ലാന്റ് ബാങ്കിൽ പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത വില്ലേജിൽ കുത്തകപ്പാട്ടം വ്യവസ്ഥയിൽ കൊടുത്തിട്ടുളളതും കുത്തകപ്പാട്ട വ്യവസ്ഥകൾ ലംഘിച്ച് റബ്ബർ കൃഷി ചെയ്തു വരുന്നതുമായ ഭൂമി ലാന്റ് ബാങ്കിൽ എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിലെ സ്ഥലം മാറ്റം ചെയ്യപ്പെടേണ്ടവരുടെ പട്ടിക</u>

7233 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ കൊല്ലം ജില്ലയിൽ നിന്നും പ്രൊമോഷൻ നേടി മറ്റ് ജില്ലയിൽ നിയമിക്കപ്പെട്ട യു.ഡി ക്ലാർക്ക്, വില്ലേജ് ഓഫീസർ തസ്തികകളിൽപെട്ടവരും തിരികെ കൊല്ലം ജില്ലയിലേക്ക് പോസ്റ്റ് ചെയ്യപ്പെടേണ്ടവരുമായ ജീവനക്കാരുടെ ലിസ്റ്റുകൾ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കിയത് ലഭ്യമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേക്ക് പ്രൊമോഷൻ ലഭിച്ച് മാറിപ്പോയ റവന്യൂ വകുപ്പിലെ യു.ഡി ക്ലാർക്ക്, വില്ലേജ് ഓഫീസർ തസ്തികകളിലുള്ള ജീവനക്കാരുടെ റീ അലോട്ട്മെന്റ് ലിസ്റ്റ് ഇതിനുമുൻപ് നിയമസഭയുടെ മേശപ്പുറത്തു വച്ചിട്ടുണ്ടോ; ഇപ്പോൾ പ്രസ്തുത ലിസ്റ്റിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നിട്ടുണ്ടോ; എങ്കിൽ ഇതിനിടയായ സാഹചര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലേക്കും തിരിച്ചുമുള്ള വില്ലേജ് ഓഫീസർമാരുടെ സ്ഥലം മാറ്റപ്പട്ടിക

7234 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച് മറ്റ് ജില്ലകളിലേയ്ക്ക് പോയ ജീവനക്കാരിൽ ഈ സർക്കാർ അധികാരമേറ്റശേഷം സ്പെഷ്യൽ ഓർഡർ പ്രകാരം എത്ര പേർ സ്വന്തം ജില്ലകളിലേയ്ക്ക് തിരിച്ചു നിയമിക്കപ്പെട്ടു എന്നു വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ആലപ്പുഴ ജില്ലയിലേയ്ക്ക് തിരികെ നിയമിക്കപ്പെട്ടവർ എത്രയെന്ന് വിശദമാക്കുമോ;

(സി) സ്പെഷ്യൽ ഓർഡർ പ്രകാരം തിരികെ സ്വന്തം ജില്ലയിലേയ്ക്ക് നിയമിക്കപ്പെടേണ്ട വില്ലേജ് ഓഫീസർമാരുടെ അപേക്ഷകളിൽ മുൻഗണനാക്രമം തിരുമാനിക്കപ്പെട്ടിട്ടുണ്ടോ എന്നു അറിയിക്കുമോ; നിലവിൽ അപ്രകാരം തിരികെ നിയമിക്കപ്പെടാൻ മുൻഗണന നിശ്ചയിക്കപ്പെട്ടവരുടെ പേരുകളും അവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള നമ്പരുകളും വിശദമാക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിലേയ്ക്ക് സ്പെഷ്യൽ ഓർഡർ പ്രകാരം നിയമിക്കപ്പെടാൻ നിശ്ചയിച്ചിട്ടുള്ള വില്ലേജ് ഓഫീസർമാരുടെ പേരു വിവരവും സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പരും മുൻഗണനാ ക്രമത്തിൽ വ്യക്തമാക്കാമോ;

(ഇ) സ്പെഷ്യൽ ഓർഡർ പ്രകാരം ആലപ്പുഴ ജില്ലയിലേയ്ക്ക് തിരികെ നിയമിക്കപ്പെടേണ്ട വില്ലേജ് ഓഫീസർമാരിൽ സീനിയോറിറ്റി ലിസ്റ്റിലെ 9435-ാം നമ്പർ ഉദ്യോഗസ്ഥൻ ഉൾപ്പെട്ടിട്ടുണ്ടോ എന്നു അറിയിക്കാമോ; ഇദ്ദേഹത്തിന്റെ പേര് അറിയിക്കാമോ; 9435-ാം നമ്പർ ഉദ്യോഗസ്ഥനായ കാസർഗോഡ് ജില്ലയിലെ ജീവനക്കാരന്റെ സീനിയോറിറ്റി നമ്പർ 9535-ാം എന്ന നമ്പരിലെ ഉദ്യോഗസ്ഥന് നൽകി സ്പെഷ്യൽ ഓർഡർ ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വില്ലേജ് പഞ്ചായത്തുകളുടെ രൂപീകരണം</u>

7235 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സംവിധാനം വന്നതിന് ശേഷം താലൂക്ക്/വില്ലേജ് പുനഃസംഘടന സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഒരു വില്ലേജ് ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ടിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങിനെ എത്ര പഞ്ചായത്തുകളാണുളളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് പരിഹരിക്കുന്നതിന് വില്ലേജ് പഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണവും അടിസ്ഥാനസൗകര്യ വികസനവും</u>

7236 ശ്രീ. രമേശ് ചെന്നിത്തല

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ രേഖകളും, റെക്കാർഡുകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി പ്രത്യേക കർമ്മപദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) വില്ലേജ് ഓഫീസുകളിലൂടെയുള്ള സേവനങ്ങൾ ഓൺലൈൻ മാർഗ്ഗത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന-ഭൗതിക-പഞ്ചാത്തലസൗകര്യങ്ങളുടെ പരിമിതികളും പോരായ്മകളും പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ഇ) വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ അടിയന്തിരപ്രധാന്യത്തോടെ നികത്തുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ചിറയിൻകീഴിലെ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ

7237 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ എത്ര ഗ്രൂപ്പ് വില്ലേജ് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോ ഗ്രൂപ്പ് വില്ലേജ് ഓഫീസുകളിലും ഉൾപ്പെടുന്ന വില്ലേജുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിച്ച് ജനങ്ങൾക്ക് കൂടുതൽ സൗകര്യ പ്രദമായ സേവനം വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഏത് വില്ലേജിനെയാണ് മാതൃകാ വില്ലേജായി തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഭൂമിയുടെ സർവ്വേ പ്ലാനുകൾ ലഭ്യമാക്കുന്നതിനുള്ള ഫീസ്

7238

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ സർവ്വേ പ്ലാനുകൾ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്ലാനുകളുടെ പകർപ്പുകൾ സൗജന്യമായി നൽകുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പ്രവർത്തനം</u>

7239 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ-സർവ്വെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനവും, ഇൻ സർവ്വീസ് ട്രെയിനിംഗും നൽകുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഡിസാസ്റ്റർ മാനേജ്മെന്റിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ഏതൊക്കെ തരത്തിലുള്ള പരിശീലനമാണ് നൽകി വരുന്നത്;

(സി) ദുരന്തങ്ങൾ നേരിടുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

സർവ്വേയും ഭൂരേഖകളും സംബന്ധിച്ച പരാതികൾ

7240 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖകളും സംബന്ധിച്ചുള്ള പരാതികൾ തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇതിനായി താലൂക്കുകൾ തോറും അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സർവ്വേ ഓഫീസുകളുടെ പ്രവർത്തനം</u>

7241 ശ്രീ. വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വേ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സർവ്വേ ഓഫീസുകൾക്ക് കമ്പ്യൂട്ടറുകളും ഫീൽഡ് ഓഫിസർമാർക്ക് ലാപ്പ് ടോപ്പുകളും നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) സർവ്വേ ഓഫീസുകളെ ഡയറക്ടറേറ്റുമായി ബന്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സർവ്വേ വകുപ്പിലെ സ്ഥലംമാറ്റം</u>

7242 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിലെ 2012-ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ശിക്ഷാനടപടികൾക്ക് വിധേയമായി ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റിയവരിൽ 3 വർഷം തികയുന്നതിന് മുൻപ് സ്വന്തം ജില്ലയിലേക്ക് മാറ്റം ലഭിച്ചിട്ടുള്ളവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ശിക്ഷാനടപടിക്ക് വിധേയമായവരേയും വിജിലൻസ് അന്വേഷണം നേരിടുന്നവരേയും കോഴിക്കോട് ജില്ലയിൽ റീസർവ്വേയിൽ നിന്നും ജില്ലാ എസ്റ്റാബ്ലിഷ്മെന്റിലേക്ക് നിയമിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>റീസർവ്വേ ഉദ്യോഗസ്ഥരുടെ ജോലി ക്രമീകരണം</u>

7243 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി റീസർവ്വേ പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെ ;

(ബി) റീസർവ്വേ ഉദ്യോഗസ്ഥന്മാരെ റീസർവ്വേ ജോലിചെയ്യിക്കാതെ ജോലി ക്രമീകരണവ്യവസ്ഥയിൽ മറ്റ് ജോലികൾ ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ എത്ര ജീവനക്കാരാണ് മറ്റ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

വൈക്കത്തെ റീസർവ്വേ അപാകതകൾ

7244 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേയിലെ അപാകതകളും പരാതികളും പരിഹരിക്കുന്ന തിനായി വൈക്കത്ത് നിയോഗിച്ച ഉദ്യോഗസ്ഥൻ മുമ്പാകെ പ്രസ്തുത വിഷയം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം ലഭിച്ച പരാതികളിൽ എത്രയെണ്ണം തീർപ്പു കൽപ്പിച്ചിട്ടുണ്ട് എന്നും, എത്രയെണ്ണം തീർപ്പുകൽപ്പിക്കാതെയുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) തീർപ്പുകൽപ്പിക്കാനാവാത്ത പരാതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 16.07.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് പ്രവർത്തിക്കുന്ന അളവുതൂക്കവകുപ്പിന്റെ യൂണിറ്റുകൾ</u>

7245 ശ്രീ. പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റിയിൽ ഇപ്പോൾ അളവുതൂക്ക വകുപ്പിന്റെ എത്ര യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്രയും യൂണിറ്റുകൾ ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നതിന് പകരം വികേന്ദ്രീകരിക്കുന്നതിന് ശ്രദ്ധിക്കുമോ;

(സി) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്തേക്ക് ഒരു യൂണിറ്റ് ഷിഫ്റ്റ് ചെയ്യുന്നതിന് തയ്യാറാവുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കയർ ഡീഫൈബറിംഗ് മില്ലുകൾ</u>

7246 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പ് എൻ.സി.ആർ.എം.ഐ വഴി വികസിപ്പിച്ച മിനി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുളള സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മില്ലുകൾ എന്നാണ് അനുവദിച്ചതെന്നും അവയുടെ പ്രവർത്തനം എന്ന് ആരംഭിച്ചു എന്നും ഇതുവരെ എത്ര ക്വിന്റൽ ചകിരി വീതം ഉൽപ്പാദിപ്പിച്ചു എന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സർക്കാർ എൻ.സി.ആർ. എം.ഐ ക്ക് എത്ര തുക നൽകി എന്നും ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കയർ സഹകരണസംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ</u>

7247 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര കയർ സഹകരണസംഘങ്ങളാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ ;

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>കയർ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര</u>

7248 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ വകുപ്പിൽ നിന്നും കയർ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും ആരൊക്കെ വിദേശയാത്രകൾ നടത്തി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദേശയാത്രകൾക്ക് എന്തുതുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) വിദേശയാത്രകൾകൊണ്ട് കയർ വകുപ്പിനും വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾക്കും എന്തുനേട്ടമാണ് ഉണ്ടായത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

സി. ഐ. ആർ. സി. യുടെ പുന:സംഘടന

7249 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനു വേണ്ടി രൂപീകരിച്ച സി. ഐ. ആർ.സി യുടെ രൂപീകരണകാലം മുതൽ ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ടുമുമ്പുവരെ സി. ആർ. സി. യിൽ എ. ഐ. റ്റി. യു.സി യുടെ രണ്ടു പ്രതിനിധികൾ ഉണ്ടായിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എ. ഐ. റ്റി. യു.സി പ്രതിനിധികളുടെ എണ്ണം ഒന്നാക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) എ. ഐ. റ്റി. യു.സി യിൽ നിന്നും ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി സി. ഐ. ആർ.സി അടിയന്തിരമായി പുന:സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?